പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3205 — 03.04.2013-ലെ മറുപടിക്ക്

## ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ഗ്രാമപഞ്ചായത്തുകൾ 2012-2013 സാമ്പത്തിക വർഷം നാളിതുവരെ പദ്ധതിവിഹിതത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | എ) ഗ്രാമപഞ്ചായത്തുകൾ 2012-13 വർഷം അവസാനം ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം വികസന ഫണ്ടിനത്തിൽ 1587.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി) പദ്ധതിവിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) 370.19 കോടി രൂപ പ്രാരംഭബാക്കി യുൾപ്പെടെ 2012-13 വർഷം ലഭ്യമായ 1799.77 കോടി രൂപയിൽ 73.15 ശതമാനമാണ് ചെലവഴിച്ചത്. |
| സി) ഗവൺമെന്റ് സൃഷ്ടിക്കുന്ന സാങ്കേതികതടസ്സങ്ങളിൽപ്പെട്ട് പദ്ധതിവിഹിതം ചെലവഴിക്കാൻ കഴിയാതെ വരുകയും തുടർന്നുവരുന്ന സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും കഴിഞ്ഞ വർഷത്തെ ചെലവഴിക്കപ്പെടാത്ത പദ്ധതിവിഹിതത്തിന്റെ തുക കുറവു ചെയ്യുകയും ചെയ്യുന്നതെന്തു കൊണ്ടാണെന്ന് വിശദീകരിക്കുമോ ? | സി) ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം ചെലവഴിക്കുന്നതിന് സർക്കാർ സാങ്കേതിക തടസ്സങ്ങളൊന്നും സൃഷ്ടിക്കുന്നില്ല. എന്നാൽ ഓരോ വർഷത്തേയും പ്രത്യേകം സാഹചര്യം കണക്കിലെടുത്ത് ക്യാരിഓവർ ചെയ്യാവുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് സഹായകരമായ സ്ഥിതി സൃഷ്ടിക്കുന്നുമുണ്ട്. 2012-13 വർഷം ഗ്രാമ പഞ്ചായത്തുകൾ നിർബന്ധിതമായി നിർവ്വഹിക്കേണ്ട കുറഞ്ഞ ചെലവ് പരിധി 60% ആണ്. 63 ഗ്രാമ പഞ്ചായത്തുകൾ മാത്രമേ 60%ൽ താഴെ തുക ചെലവഴിച്ചിട്ടുള്ളൂ. 60% ൽ കുറവ് വരുന്ന തുക മാത്രമേ 2014-15 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്യുകയുള്ളൂ. |

സെക്ഷൻ ഓഫീസർ